## മുഖ്യ സംഗ്രഹം

അക്കാദമിക് പ്രവർത്തനങ്ങളുടെ ആസൂത്രണവും നടപ്പാക്കലും, മാനവ വിഭവശേഷിയുടെയും അടിസ്ഥാന സൗകര്യങ്ങളുടെയും രൂപീകരണവും വികസനവും, സർവകലാശാലയുടെ സാമ്പത്തിക നിർവ്വഹണം എന്നിവ വിലയിരുത്തുന്നതിനായി 'കേരള സർവകലാശാലയുടെ പ്രവർത്തനം' എന്നതിന്റെ പ്രവർത്തനക്ഷമതാ ഓഡിറ്റ് നടത്തി. പ്രവർത്തനക്ഷമതാ ഓഡിറ്റിന്റെ പ്രധാനപ്പെട്ട കണ്ടെത്തലുകൾ താഴെ കൊടുത്തിരിക്കുന്നു.

### ആസൂത്രണം, അക്കാദമിക് പ്രവർത്തനങ്ങൾ, സാമ്പത്തിക നിർവ്വഹണം

പ്രവർത്തന പുരോഗതി കൃത്യമായി നിരീക്ഷിക്കാൻ കഴിയും വിധം ഒരു അംഗീകൃത മാസ്റ്റർ പ്ലാൻ സർവകലാശാലയ്ക്ക് ഉണ്ടായിരുന്നില്ല. അതിനാൽ, അടിസ്ഥാന സൗകര്യ വികസന പ്രോജക്ടുകൾ, സോഫ്റ്റ്‌വെയർ, സിലബസ് പരിഷ്കരണം മുതലായവ സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ പോരായ്മകളുണ്ടായി.

*(ഖണ്ഡിക 2.1)*

അഫിലിയേറ്റഡ് കോളേജുകളുടെ സംയോജിത വികസനം ഉറപ്പാക്കുന്നതിന് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ വിഭാവനം ചെയ്ത കോളേജ് ഡെവലപ്മെന്റ് കൗൺസിലിൽ ഒരു അംഗം മാത്രമെ ഉണ്ടായിരുന്നുള്ളൂ. യു.ജി.സി മാർഗ്ഗരേഖകളിൽ പ്രതിപാദിച്ചപോലെ കോളേജുകളുമായി ആശയവിനിമയം നടത്തിയില്ല.

*(ഖണ്ഡിക 2.2)*

അക്രഡിറ്റേഷൻ നേടേണ്ട 17 യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട്സ് ഓഫ് ടെക്നോളജിയിലൊന്നും അക്രഡിറ്റേഷൻ പ്രക്രിയ ആരംഭിച്ചിട്ടില്ല. അക്രഡിറ്റേഷന്റെ അഭാവത്തിൽ, നൽകുന്ന വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം തൽപ്പരകക്ഷികൾക്ക് ഉറപ്പാക്കാനാവുന്നില്ല.

52 ബോർഡ്സ് ഓഫ് സ്റ്റഡിയിൽ അധ്യാപകരുടെ/ വിദഗ്ധരുടെ വേണ്ടത്ര പ്രതിനിധികൾ ഉണ്ടായിരുന്നില്ല.

142 കോഴ്സുകളിൽ 28 കോഴ്സുകളുടെ സിലബസ് കഴിഞ്ഞ മൂന്ന് വർഷത്തിനിടെ പരിഷ്കരിച്ചിട്ടില്ല. അഞ്ച് കോഴ്സുകളുടെ സിലബസ് പരിഷ്കരണത്തിലെ കാലതാമസം എട്ട് മുതൽ 13 വർഷം വരെയും, മറ്റ് 23 കോഴ്സുകളുടെ ഒന്ന് മുതൽ അഞ്ച് വർഷം വരെയും ആയിരുന്നു.

സർവകലാശാല 2013–15 കാലയളവിൽ അംഗീകാരമില്ലാത്ത 10 കോഴ്സുകൾ നടത്തിയതും സത്യവാങ്മൂലം സമർപ്പിക്കാത്തതും കാരണം 2015–16–ലേയും 2016–17–ലേയും വിദൂര വിദ്യാഭ്യാസ പ്രോഗ്രാമുകൾക്ക് അംഗീകാരം പിൻവലിച്ചു.

*(ഖണ്ഡിക 2.3)*

സർവകലാശാല കാലാകാലങ്ങളിൽ അഫിലിയേറ്റഡ് കോളേജുകളുടെ പരിശോധന നടത്തിയില്ല. കൂടാതെ, 1974–ലെ കേരള യൂണിവേഴ്സിറ്റി ആക്ട്

പ്രതിപാദിക്കുന്നപോലെ അഫിലിയേറ്റഡ് കോളേജുകളെക്കുറിച്ച് റിപ്പോർട്ടുകളൊന്നും കേരള സർക്കാറിന് സമർപ്പിച്ചിരുന്നില്ല.

*(ഖണ്ഡിക 2.4)*

അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിൽ സർവകലാശാല പരാജയപ്പെട്ടതിനാൽ 12–ാം പഞ്ചവൽസര പദ്ധതി കാലയളവിലെ (2012–17) യു.ജി.സി പൊതു വികസന സഹായമായി അനുവദിച്ച ₹15.76 കോടിയിൽ നിന്ന് ₹8.70 കോടി മാത്രമാണ് ലഭിച്ചത്.

*(ഖണ്ഡിക 2.5)*

ശമ്പള പരിഷ്കരണ കുടിശ്ശിക വിതരണത്തിനായി സർവകലാശാല ₹14.14 കോടി വിനിയോഗിച്ചെങ്കിലും കേരള സർക്കാരിൽ നിന്ന് ലഭിച്ചത് ₹4.57 കോടി മാത്രമാണ്. ബാക്കി തുകയായ ₹9.57 കോടി സർവകലാശാലയുടെ പദ്ധതിയേതര ഫണ്ടിൽ നിന്നാണ് വിനിയോഗിച്ചത്.

*(ഖണ്ഡിക 2.7)*

35–ാമത് ദേശീയ ഗെയിംസ് സ്റ്റേഡിയം നിർമ്മിക്കുന്നതിനായി സ്ഥലം പാട്ടത്തിനു കൊടുത്ത ഇനത്തിൽ 2014 ഡിസംബർ മുതലുള്ള വാടക കുടിശ്ശിക ₹19.09 കോടി (ജി.എസ്.റ്റി ഒഴിവാക്കി) ഇനിയും ലഭിച്ചിട്ടില്ല.

*(ഖണ്ഡിക 2.8)*

സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്വാശ്രയ കോളേജുകളിൽ നിന്നും അൺ എയ്ഡഡ് കോളേജുകളിൽ നിന്നും ₹11.63 കോടി വാർഷിക അഡ്മിനിസ്ട്രേഷൻ ഫീസ് പിരിച്ചെടുക്കാനുണ്ട്.

*(ഖണ്ഡിക 2.9)*

സർവകലാശാല സ്വാശ്രയരീതിയിൽ നടത്തുന്ന കേരള യൂണിവേഴ്സിറ്റി കോളേജസ് ഓഫ് ടീച്ചർ എഡ്യുക്കേഷനും (കെ.യു.സി.റ്റി.ഇ) യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗും 2016–20 കാലയളവിൽ തുടർച്ചയായി നഷ്ടത്തിലാണ് പ്രവർത്തിച്ചിരുന്നത്.

*(ഖണ്ഡിക 2.10)*

ബാങ്ക്/ട്രഷറി ഇടപാടുകളുടെ സാധുത ഉറപ്പുവരുത്തുന്നതിനും റവന്യൂ പിരിവ് നിരീക്ഷിക്കുന്നതിനും ഡിമാൻഡ് കളക്ഷൻ ബാലൻസ് സ്റ്റേറ്റ്മെന്റിനേയും റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിനേയും ആധാരമാക്കിയിട്ടില്ല.

*(ഖണ്ഡിക 2.11)*

ട്രഷറിയിൽ പരിപാലിക്കുന്ന സർവകലാശാല പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടിൽ ₹7.23 കോടിയുടെ കമ്മി ഒരു ദശകത്തിലേറെയായിട്ടും തുടരുന്നു.

*(ഖണ്ഡിക 2.14)*

2016–ൽ പിഴവുകളുള്ള വാല്യം IX പ്രസിദ്ധീകരിച്ചതല്ലാതെ മലയാളം ശബ്ദകോശം വാല്യം VIII പ്രസിദ്ധീകരിച്ച് (2009) 12 വർഷം പിന്നിട്ടെങ്കിലും, അടുത്ത വാല്യം ഇതുവരെ യാഥാർത്ഥ്യമായിട്ടില്ല. വൈസ് ചാൻസലറുടെ ഉത്തരവ് പ്രകാരം 2017 ഏപ്രിലിൽ വാല്യം IX–ന്റെ വിൽപ്പന നിർത്തിവച്ചു.

***(ഖണ്ഡിക 2.15)***

## മാനവ വിഭവശേഷി

ഒരു അംഗീകൃത പ്രൊഫസർ തസ്തിക പോലും ഇല്ലാതെ ഒമ്പത് അക്കാദമിക് വിഭാഗങ്ങൾ പ്രവർത്തിച്ചിരുന്നു. നാനോ സയൻസ് ആന്റ് നാനോടെക്നോളജി വിഭാഗം 2016–ൽ സ്ഥാപിതമായത് മുതൽ അംഗീകൃത അധ്യാപക തസ്തികകളൊന്നും ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്.

***(ഖണ്ഡിക 3.1.1)***

കരാർ അടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കുന്നത് 10 ശതമാനത്തിൽ കൂടരുത് എന്ന യു.ജി.സി റെഗുലേഷനുകൾക്ക് വിരുദ്ധമായി സർവകലാശാലാ വിഭാഗങ്ങളിൽ മൊത്തം അധ്യാപക ശേഷിയുടെ 23 ശതമാനത്തിൽ കൂടുതൽ അധ്യാപകരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചു. കൂടാതെ, 34 യു.ഐ.റ്റികൾ, 10 കെ.യു.സി.റ്റി.ഇകൾ, ഏഴ് യു.ഐ.എമ്മുകൾ, യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് എന്നിവിടങ്ങളിലെ മൊത്തം 335 അധ്യാപകരെയും കരാർ അടിസ്ഥാനത്തിലായിരുന്നു നിയമിച്ചിരുന്നത്.

34 യു.ഐ.റ്റികളിലെ 174 അധ്യാപകരിൽ 108 അധ്യാപകരെ എൻ.ഇ.റ്റി/എസ്.ഇ.റ്റി/പി.എച്ച്.ഡി യോഗ്യത ഇല്ലാതെയാണ് നിയമിച്ചത്. ഇത് യു.ജി.സിയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

***(ഖണ്ഡിക 3.1.2)***

## പരീക്ഷ

അഫിലിയേറ്റഡ് കോളേജുകളിൽ 2016, 2017 വർഷങ്ങളിൽ യു.ജി പ്രോഗ്രാമിന്റെ അവസാന സെമസ്റ്റർ മൂല്യനിർണ്ണയത്തിലെ കാലതാമസം പരീക്ഷാ കലണ്ടറുമായി താരതമ്യപ്പെടുത്തുമ്പോൾ ഒരു കേസിൽ 200 ദിവസത്തിന് മുകളിലും രണ്ട് കേസുകളിൽ 100 മുതൽ 200 ദിവസം വരെയുമായിരുന്നു.

ഫലം പ്രസിദ്ധീകരിക്കുന്നതിലെ കാലതാമസം രണ്ട് കേസുകളിൽ 300 ദിവസത്തിന് മുകളിലും, നാല് കേസുകളിൽ 200 മുതൽ 300 ദിവസം വരെയും നാല് കേസുകളിൽ 100 മുതൽ 200 ദിവസം വരെയുമായിരുന്നു.

***(ഖണ്ഡിക 4.1)***

എഴുതാത്ത ഉത്തര പുസ്തകങ്ങളുടെ കണക്കെടുപ്പ് സംവിധാനത്തിൽ ന്യൂനതകൾ ഉണ്ടായിരുന്നു. 297 പരീക്ഷാകേന്ദ്രങ്ങളിൽ ആറെണ്ണത്തിൽ മാത്രമേ പരിശോധന കഴിഞ്ഞിരുന്നുള്ളൂ.

***(ഖണ്ഡിക 4.4)***

വിദഗ്ധാസമിതിയുടെ ശിപാർശകളുണ്ടായിട്ടും ടാബുലേഷൻ സോഫ്റ്റ്‌വെയറിലെ പോരായ്മകൾ ഭാഗികമായി മാത്രമെ നികത്തിയുള്ളൂ. സുരക്ഷാ ഓഡിറ്റ് ഇനിയും നടത്തിയിട്ടില്ല.

***(ഖണ്ഡിക 4.6)***

അപേക്ഷകൾ സ്വീകരിച്ച അവസാന തീയതി മുതൽ 60 ദിവസത്തിനകം എന്ന മാനദണ്ഡം നിലനിൽക്കുമ്പോൾ ഉത്തരക്കടലാസുകളുടെ പുനർമൂല്യനിർണ്ണയത്തിന് 21,800-ൽ പരം കേസുകളിൽ 120 ദിവസത്തിലേറെ സമയം എടുത്തു. 7,700-ൽ പരം കേസുകളിൽ ഈ പ്രക്രിയയ്ക്ക് 240 ദിവസത്തിലേറെ സമയം എടുത്തു.

***(ഖണ്ഡിക 4.7)***

**അടിസ്ഥാനസൗകര്യങ്ങൾ**

ഒൻപത് യു.ഐ.റ്റികളും രണ്ട് യു.ഐ.എമ്മുകളും പരിശോധിച്ചപ്പോൾ ഭൂമിയുടെ ലഭ്യത കുറവ് കൂടാതെ വിശ്രമമുറികൾ, സെമിനാർ ഹാളുകൾ, കാന്റീൻ ഹാളുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം വെളിപ്പെട്ടു.

***(ഖണ്ഡിക 5.1.1)***

സമയം, ചെലവ്, അധ്വാനം എന്നിവ ലാഭിക്കുക, വസ്തുവിവരപ്പട്ടികാ നിയന്ത്രണവും സ്റ്റോക്ക് പരിശോധനയും സുഗമമാക്കുക, തിരക്ക് കുറയ്ക്കുക തുടങ്ങിയവയ്ക്കായി നേടാൻ വിഭാവനം ചെയ്ത 2013 ആഗസ്റ്റിൽ അനുമതി ലഭിച്ച 'കേരള സർവകലാശാല ലൈബ്രറിയിൽ സ്മാർട്ട് കാർഡ് സംവിധാനം' എന്ന പദ്ധതി എട്ട് വർഷം പിന്നിട്ടിട്ടും പൂർത്തിയായിട്ടില്ല.

***(ഖണ്ഡിക 5.1.2)***

അടിയന്തര പരിചരണം നൽകാൻ ലക്ഷ്യമിട്ടിരുന്ന സർവകലാശാലാ ആരോഗ്യകേന്ദ്രങ്ങളിൽ ഒരെണ്ണം പ്രവർത്തനരഹിതമായിരുന്നു, മറ്റേത് ജീർണിച്ച കെട്ടിടത്തിലാണ് പ്രവർത്തിച്ചിരുന്നത്.

***(ഖണ്ഡിക 5.2)***

സർവകലാശാലാ വിഭാഗങ്ങളിലും, സർവകലാശാലയുടെ മറ്റു സ്ഥാപനങ്ങളിലും റാമ്പുകൾ, ലിഫ്റ്റുകൾ, പ്രത്യേക ശൗചാലയങ്ങൾ എന്നിവ ഉൾപ്പെടെ ഭിന്നശേഷിയുള്ളവർക്കായുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ഉണ്ടായിരുന്നു.

സർവകലാശാലാ ലൈബ്രറിയിൽ 'കാഴ്ച വൈകല്യം നേരിടുന്ന ഉപയോക്താക്കൾക്കായി റിസോഴ്സ് സെന്റർ' സ്ഥാപിക്കുന്നതിനുള്ള സിവിൽ, ഇലക്ട്രിക്കൽ ജോലികൾ പൂർത്തീകരിച്ചെങ്കിലും, ലിഫ്റ്റ് സ്ഥാപിക്കൽ ആരംഭിച്ചിട്ടില്ല. കൂടാതെ കമ്പ്യൂട്ടറുകൾ വാങ്ങിയിട്ടില്ല.

***(ഖണ്ഡിക 5.3)***

59 സോഫ്റ്റ്‌വെയർ/ വെബ്സൈറ്റുകളിൽ, ഒരു വെബ്സൈറ്റിന്റെ മാത്രമേ സുരക്ഷാഓഡിറ്റ് പൂർത്തീകരിച്ചിട്ടുള്ളൂ, മറ്റൊരെണ്ണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ക്യാഷ് കൗണ്ടർ സോഫ്റ്റ്‌വെയർ, ഓൺലൈൻ പെയ്മെന്റ് പോർട്ടൽ മുതലായവയുടെ സുരക്ഷാഓഡിറ്റ് ചെയ്തിട്ടില്ല.

***(ഖണ്ഡിക 5.4.4)***

2011-17-ൽ തുടങ്ങിയ ₹9.70 കോടി ചെലവുള്ള അഞ്ച് പ്രധാന അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ ഇനിയും പൂർത്തീകരിച്ചിട്ടില്ല.

***(ഖണ്ഡിക 5.5.2)***